**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 338** **23-01-2025 - ൽ മറുപടിയ്ക്ക്**

**ഭരതനാട്യ പരിപാടിയുടെ ഉദ്ഘാടനവേദിയിൽ ഉണ്ടായ അപകടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നടന്ന മെഗാ ഭരതനാട്യ പരിപാടിയുടെ താത്കാലിക ഉദ്ഘാടനവേദിയിൽനിന്നും വീണ് ശ്രീമതി ഉമാ തോമസ് എം.എൽ.എ.ക്ക് പരിക്ക് പറ്റിയതിൽ സുരക്ഷാ വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | കൊച്ചി കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടന്ന മൃദംഗവിഷൻ പരിപാടി തികച്ചും സ്വകാര്യ പരിപാടി ആയതിനാൽ ടി പരിപാടിയുടെ സുരക്ഷ ഉറപ്പുവരുത്തേണ്ടത് അലോട്ടിയുടെ ചുമതലയും ഉത്തരവാദിത്വവുമാണ്. ഈ വിഷയത്തിൽ വിശാല കൊച്ചി വികസന അതോറിറ്റിയുടെയോ സർക്കാരിന്റെയോ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായിട്ടില്ലാത്തതാണ്. എന്നിരുന്നാലും ഈ വിഷയത്തിൽ വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ നേതൃത്വത്തിൽ അന്വേഷണം നടത്തി വരുന്നു. |
| (ബി) | വൻജനാവലി എത്തുന്ന പൊതു-സ്വകാര്യ പരിപാടികളിൽ അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ നിയതമായ സുരക്ഷാ പ്രോട്ടോക്കോൾ ആവശ്യമാണെന്ന് കരുതുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | 18/01/2025-ലെ ജിസിഡിഎ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം National Safety Council Kerala Chapter ശിപാർശ ചെയ്ത മൂന്നംഗ വിദഗ്ധ സമിതിയെ Enquiry Committee ആയി നിയോഗിച്ച് ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള Recommendation തയ്യാറാക്കുവാൻ നിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ